# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1133 10.08.2017-ൽ മറുപടിക്ക്

### തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിയമനം

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ പാർട്ട് 2 റൂൾ 28 ബി (1) പ്രകാരം കോമേഴ്സ് വിഷയത്തിൽ തസ്തിക മാറ്റം വഴി എത്ര ജൂനിയർ എച്ച്.എസ്.എസ്.ടി.മാരെ സീനിയർ എച്ച്.എസ്.എസ്.ടി.മാരായി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) നിലവിൽ എച്ച്.എസ്.എസ്.റ്റി കൊമേഴ്സ് തസ്തികയിൽ ജോലി ചെയ്യുന്ന 176 പേർ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കൊമേഴ്സ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരാണ്. |
| (ബി) ഹയർ സെക്കണ്ടറി വിഭാഗം സ്പെഷ്യൽ റൂൾ പ്രകാരം 2015-17 വർഷത്തെ കോമേഴ്സ് വിഷയത്തിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകർക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന്റെ ഭാഗമായി ഒഴിവുകൾക്ക് ആനുപാതികമായി സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇനിയും പ്രൊമോഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും ഇതേത്തുടർന്നുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ? | (സി) എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിൽ നിലവിലുള്ള 48 ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിന് യോഗ്യരായ 451 ജൂനിയർ അധ്യാപകർ നിലവിലുണ്ട്. സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ മാത്രമേ പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ.